പ്രസിദ്ധീകരണത്തിന്

കാലത്തിനനുസരിച്ച് സ്വയം നവീകരിക്കാത്തവർ അസാധുവാകുമെന്നുള്ള മുഖ്യമന്ത്രിയുടെ പ്രസ്താവന ദുരുദ്ദേശപരമാണെന്ന് ആരെങ്കിലും കരുതിയാൽ തെറ്റുപറയാനാവില്ല.

'ഞങ്ങൾ മാത്രമാണ് നവോത്ഥാനത്തിന്റെ പ്രവാചകർ, ഞങ്ങൾ പറയുന്ന വഴിയേ വന്നോണം, അല്ലാത്തവരെയൊക്കെ അപ്രസക്തമാക്കും' എന്ന ഭീഷണിയുടെ സ്വരം അതിന്റെ പിന്നിൽ ഇല്ലേ എന്ന് സംശയിക്കുന്നു.

ശബരിമലവിഷയത്തോടനുബന്ധിച്ചാണ് സർക്കാർ നവോത്ഥാനം ഉയർത്തിപ്പിടിക്കാൻ തുടങ്ങിയത്. അതിനെതുടർന്നാണ് ഇതുവരെയില്ലാത്തതരത്തിൽ സവർണ്ണ-അവർണ്ണചേരിതിരിവും മുന്നാക്ക-പിന്നാക്കവിഭാഗീയതയും ജാതിതിരിവും ഉണ്ടായതുമെല്ലാം. ഇതെല്ലാം രാഷ്ട്രീയനേട്ടങ്ങൾക്കു വേണ്ടിയാണെന്നുള്ളത് ആർക്കാണ് അറിഞ്ഞുകൂടാത്തത്?

നവോത്ഥാനമൂല്യങ്ങളിൽ അടിയുറച്ചുനിന്നുകൊണ്ട് സമുദായപുരോഗതിയിലൂടെ സമൂഹത്തിന്റെയും നാടിന്റെയും നന്മയ്ക്കുവേണ്ടി സത്യസന്ധമായി പ്രവർത്തിച്ചുവരുന്ന സംഘടനകൾക്കെതിരെ, ജനങ്ങളുടെ വോട്ടുവാങ്ങി അധികാരത്തിലേറിയ ഒരു മുഖ്യമന്ത്രി ഉപദേശരൂപേണ ഇത്ര വിലകുറഞ്ഞ രീതിയിൽ പ്രതികരിക്കാൻ തയ്യാറായത് അവിവേകമാണെന്ന് പറയേണ്ടിവരുന്നു.

എൻ.എസ്.എസ്സിനെ ഉദ്ദേശിച്ചാണ് പറഞ്ഞതെങ്കിൽ, തികഞ്ഞ അവഗണനയോടുകൂടി അതിനെ തള്ളിക്കളയുന്നു.

പെരുന്ന
2.11.2019

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി